# എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

## മേഖലാ കേന്ദ്രം – കണ്ണൂർ

### ലേലം/ക്വട്ടേഷൻ നോട്ടീസ്

എൽ. ബി. എസ്. കണ്ണൂർ മേഖലാ കേന്ദ്രത്തിൽ ഉപയോഗ ശൂന്യമായ ഇരുമ്പ് സാമഗ്രികൾ മറ്റു പാഴ്‌വസ്തുക്കൾ എന്നിവ പരസ്യമായി ലേലത്തിലൂടെ വിൽക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. പരസ്യ ലേലത്തിനു പുറമെ മുദ്രവച്ച ക്വട്ടേഷനുകളും ക്ഷണിക്കുന്നു. കിലോ ഗ്രാം പ്രകാരമുള്ള വില രേഖപ്പെടുത്തിയ മുദ്രവച്ച ക്വട്ടേഷനുകൾ നിരതദ്രവ്യമുൾപ്പെടെ അസിസ്റ്റന്റ് ഡയറക്ടർ, എൽ. ബി. എസ്. ശാസ്ത്ര സാങ്കേതിക കേന്ദ്രം, കണ്ണൂർ എന്ന വിലാസത്തിൽ 26/05/2023 പകൽ 2 മണിക്ക് മുമ്പായി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം 2.30 മണിക്ക് എൽ. ബി. എസ്. മേഖലാ കേന്ദ്രത്തിൽ വച്ച് ലേലനടപടികൾ ആരംഭിക്കുന്നതാണ്.

നിബന്ധനകൾ

1. ക്വട്ടേഷൻ നൽകുന്ന വ്യക്തിയുടെ തിരിച്ചറിയൽ രേഖ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
2. വില്പന സാമഗ്രികൾ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30 മണി മുതൽ വൈകുന്നേരം 4.30 മണി വരെയുള്ള സമയങ്ങളിൽ നേരിട്ട് പരിശോധിക്കാവുന്നതാണ്.
3. നിരതദ്രവ്യതുകയായി 5000/- രൂപ ഡയറക്ടർ, എൽ. ബി. എസ്. സെന്ററിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനോടൊപ്പംമറ്റൊരു കവറിൽ സമർപ്പിക്കേണ്ടതാണ്.
4. ക്വട്ടേഷനുകൾ, ലേലനടപടി ക്രമങ്ങളുടെ കൂടെ തുറക്കുന്നതാണ്.
5. മേൽ പറഞ്ഞ പ്രകാരം നിരതദ്രവ്യം അടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
6. പരസ്യ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ ലേലം ആരംഭിക്കുന്നതിന് മുൻപ് നിരതദ്രവ്യതുക 5000/- രൂപയും ഒറിജിനൽ തിരിച്ചറിയൽ രേഖയും നൽകേണ്ടതാണ്.
7. ഏറ്റവും കൂടുതൽ തുക ലേലത്തിലൂടെയോ ലേലത്തിന് മുൻപ് സമർപ്പിച്ച ക്വട്ടേഷനുകളിലോ ഏതാണ് കൂടുതൽ എന്നു നോക്കി ലേലം/ക്വട്ടേഷൻ ഡയറക്ടറുടെ അനുമതിക്കു വിധേയമായി ഉറപ്പിക്കുന്നതാണ്. (GST 18%)
8. ലേലം കൊള്ളുന്ന വ്യക്തി ലേലം കൊണ്ട തുകയുടെ 50% ഉടൻ തന്നെ സെന്ററിൽ അടക്കേണ്ടതും രശീത് കൈപ്പറ്റേണ്ടതുമാണ്. ലേലം/ ക്വട്ടേഷൻ മുഖേന കൂടുതൽ തുക രേഖപ്പെടുത്തിയ വ്യക്തി ഡയറക്ടറുടെ അനുമതി ലഭിച്ച് 7 ദിവസത്തിനകം തുക അടച്ച് സാധനങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.

9. ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയ വ്യക്തി ഏതെങ്കിലും കാരണവശാൽ വീഴ്ച വരുത്തിയാൽ സെന്ററിനുണ്ടാകുന്ന നഷ്ടം പ്രസ്തുത വ്യക്തിയിൽനിന്നും വസൂലാക്കുന്നതാണ്. കൂടാതെ രണ്ടാം സ്ഥാനക്കാരന് ഒരു കാരണവശാലും ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്നതല്ല. പുനർ ലേലം/ ക്വട്ടേഷനിലൂടെ മാത്രമായിരിക്കും ക്വട്ടേഷൻ ഉറപ്പിക്കുക.

10. ലേല നടപടി യാതൊരു മുന്നറിയിപ്പും കൂടാതെ നിർത്തിവെക്കുന്നതിന് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ലേലം/ ക്വട്ടേഷനിൽ ഉൾപ്പെടുന്ന സാധനങ്ങൾ

1. Iron Scrap
2. Type writing Machine
3. Cyclostyle Machine
4. Other Items

ASSISTANT DIRECTOR
L.B.S. CENTRE FOR SCIENCE & TECHNOLOGY
KANNUR – 670 001